# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഇരിണാവ് തെക്കുമ്പാട് എ.എൽ.പി സ്കൂൾ |
| സ്ഥാപിതവർഷം | : 1917 |
| വില്ലേജ് | : മാട്ടൂൽ |
| പഞ്ചായത്ത് | : മാട്ടൂൽ |
| ബ്ലോക്ക് | : കല്ല്യാശ്ശേരി |
| ബി.ആർ.സി | : മാടായി |
| വിദ്യാഭ്യാസ ഉപജില്ല | : മാടായി |
| വിദ്യാഭ്യാസ ജില്ല | : തളിപ്പറമ്പ് |
| താലൂക്ക് | : കണ്ണൂർ |
| ജില്ല | : കണ്ണൂർ |
| സ്കൂൾ കോഡ് | : 13526 |
| പ്രധാനധ്യാപിക | : ശ്രീജ.കെ.എം |
| മൊബൈൽ നമ്പർ | : 9447284554 |
| ഇ-മെയിൽ ഐഡി | : irinavethekkumbadalps@gmail.com |
| മാനേജർ | : ടി.വി.വിജയൻ |
| മൊബൈൽ നമ്പർ | : 9746605637 |

**ആമുഖം**

സ്വാതന്ത്ര്യലബ്ധിക്കും മുപ്പത് വർഷം മുന്നേ, അക്ഷരത്തിന്റെ ശക്തി തിരിച്ചറിഞ്ഞ് അറിവാണ് സമൂഹത്തിലെ തിന്മകൾ ഇല്ലാതാക്കുന്നതെന്ന ബോധ്യത്തോടെ ആദരണീയ ഗുരുനാഥൻ ശ്രീ.ടി.വി.കുഞ്ഞിരാമൻ മാസ്റ്റർ കൊളുത്തിയ വിദ്യാദീപമാണ് ഇരിണാവ് തെക്കുമ്പാട് എൽ.പി.സ്കൂൾ. 2025 മാർച്ച് മാസത്തിലാണ് വിദ്യാലയത്തിന്റെ 108-ാം വാർഷികം ഗംഭീരമായി ആഘോഷിച്ചത്. തീരപ്രദേശത്തിന്റേയും ദ്വീപ് പ്രദേശത്തിന്റെയും പ്രാദേശിക പരിമിതികൾ ഏറെയുള്ള സ്ഥലമാണ് മാട്ടൂൽ പഞ്ചായത്തിൽപെടുന്ന തെക്കുമ്പാട്. ഭൗതിക സാഹചര്യങ്ങളുടെ പോരായ്മകളും ഗതാഗത സൗകര്യക്കുറവും കളിസ്ഥലത്തിന്റെ അഭാവവും കുട്ടികളെ ആകർഷിക്കുന്നതിന് തടസമാവുന്നു. ഇവയൊക്കെ മറികടന്ന് വിദ്യാലയം നടത്തിക്കൊണ്ടിരിക്കുന്ന പഠന പഠനാനുബന്ധ പ്രവർത്തനങ്ങൾ മികച്ചതാണ്. അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന അധ്യാപകർ, വിദ്യാലയ പ്രവർത്തനങ്ങൾക്ക് സദാ പിന്തുണ നൽകുന്ന പി.ടി.എ, ഊർജ്ജസ്വലരായ കുട്ടികൾ ഇവർ ചേർന്ന വിദ്യാലയം മികവിന്റെ കേന്ദ്രമായി മുന്നേറിക്കൊണ്ടിരിക്കുന്നു. പിന്നിട്ട നാളുകളിൽ സബ്ജില്ലയിലും ജില്ലയിലും സംസ്ഥാനത്തു തന്നെയും കൈയ്യൊപ്പ് ചാർത്താൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ടെന്നത് പുതിയ തലമുറയ്ക്ക് അഭിമാനവും ഊർജവും പകരുന്നു. മാറുന്ന കാലത്തിന് ചേർന്ന പഠനതന്ത്രങ്ങളിലൂടെ കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ യഥാസമയം കുട്ടികളിലെത്തിക്കാനും അവരെ മൂല്യബോധവും നൈപുണിയുമുള്ള പൗരന്മാരായി വളർത്താനുള്ള ആസൂത്രണത്തിന്റെ പകർപ്പായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മാറുമെന്ന് ഞങ്ങൾക്ക് ഉറച്ച ബോധ്യമുണ്ട്.

**ലക്ഷ്യങ്ങൾ**

- മികവാർന്ന പഠനാന്തരീക്ഷങ്ങളൊരുക്കി ഓരോ കുട്ടിയും ഓരോ മേഖലയിലും നേടേണ്ടുന്ന പഠന നേട്ടങ്ങൾ യഥാസമയം ആർജിച്ചു എന്ന് ഉറപ്പ് വരുത്തുക.
- കുട്ടികളിലെ വ്യത്യസ്തമാർന്ന കഴിവുകൾ കണ്ടെത്തി അനുയോജ്യമായ പ്രവർത്തനങ്ങളിലൂടെ വികസിപ്പിക്കുക.
- പഠനത്തിൽ ഐസിടി സാധ്യതകൾ ഉറപ്പുവരുത്തുക.
- പല കാരണങ്ങൾ കൊണ്ടും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ പോയ രക്ഷിതാക്കളെ കൂടി പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അനുയോജ്യമായ പഠന തന്ത്രങ്ങൾ ആവിഷ്കരിക്കുക.
- വിവിധ ലാബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- പഠനയാത്രകൾ, ശില്പശാലകൾ, ക്യാമ്പുകൾ, വിദഗ്ദരുടെ ക്ലാസുകൾ, വാതിൽപ്പുറ പഠനം തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്തുക. കുട്ടികളെ മൂല്യബോധമുള്ള പൗരൻമാരാക്കുക.
- വിദ്യാലയ പ്രവർത്തനങ്ങൾ മികച്ചതാണെന്നും അഭിമാനകരമാണെന്നും സമൂഹത്തെ ബോധ്യപ്പെടുത്തി ചുറ്റുപാടുമുള്ള മുഴുവൻ കുട്ടികളെയും വിദ്യാലയത്തിലേക്കെത്തിക്കുക. വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കുക.
- കൃഷിയോടുള്ള താത്പര്യം വളർത്തുക.
- ലഹരിക്കെതിരായ മനോഭാവം വളർത്തുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- മാലിന്യ സംസ്കരണ മാർഗങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക.
- കുട്ടികളെ മാനസികമായും കായികമായും ക്ഷമതയുള്ളവരാക്കുക നല്ല ഭക്ഷണ ആരോഗ്യ ശീലങ്ങൾ ഉണ്ടാക്കുക.
- പോഷകഗുണവും രുചികരവും വൈവിധ്യം നിറഞ്ഞതുമായ ഭക്ഷണം നൽകുക.

**പ്രശ്നങ്ങൾ, വെല്ലുവിളികൾ**

1. പ്രതീക്ഷിത പഠനനേട്ടം യഥാസമയം എല്ലാകുട്ടികളിലും ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. ദിനാചരണങ്ങളെ പൂർണ്ണമായും പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കാൻ സാധിക്കുന്നില്ല.
3. പഠനപ്രവർത്തനങ്ങളിൽ ഗാർഹിക പിന്തുണ ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.
4. രക്ഷിതാക്കളുടെ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥ കുട്ടികളുടെ പഠന പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.
5. വിദ്യാലയത്തിന്റെ ഭൗതികാവസ്ഥ- പ്രീ കെ ഇ അർ കെട്ടിടവും ഗതാഗത സൗകര്യക്കുറവും കളിസ്ഥലത്തിന്റെ അഭാവവും കുട്ടികളെ വിദ്യാലയത്തിലേക്ക് അകർഷിക്കുന്നതിന് തടസമാവുന്നു.
6. വിദ്യാലയത്തിന്റെ ഭൗതിക പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനും പരിഹരിക്കുന്നതിനും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലുള്ള സമൂഹത്തിന് സാധിക്കുന്നില്ല.
7. ക്ലാസ് ലൈബ്രറികൾ, വ്യത്യസ്ത ലാബുകൾ, പഠനോപകരണങ്ങൾ ഒരുക്കാനുള്ള സ്ഥലസൗകര്യക്കുറവ്.

**അധ്യാപകരുടെ വിവരങ്ങൾ**

| | അധ്യാപികയുടെ പേര് | ചുമതലകൾ |
|---|---|---|
| 1. | ശ്രീജ.കെ.എം | പ്രധാനധ്യാപിക |
| 2. | സ്മിത.എം.സി | ജാഗ്രത സമിതി<br>പ്രവൃത്തി പരിചയമേള<br>പ്രവൃത്തിപരിചയം<br>ഉച്ചഭക്ഷണം<br>കലാമേള<br>വിദ്യാരംഗം |
| 3. | ജസ്ന.വി.വി | ശാസ്ത്രക്ലബ്ബ്<br>ശാസ്ത്രമേള<br>ആരോഗ്യം/ശുചിത്വം<br>കായികം<br>ദിനാചരണങ്ങൾ<br>സ്റ്റാഫ് കൗൺസിൽ<br>എസ് ആർ ജി<br>ലൈബ്രറി |
| 4. | വിധുകൃഷ്ണ | ഭാഷാ ക്ലബ്ബ്<br>അസംബ്ലി<br>പച്ചക്കറിത്തോട്ടം<br>ബാലസഭ<br>സർഗ്ഗവേള<br>പ്രതിവാര ക്വിസ്<br>ഗണിത ക്ലബ്ബ്<br>ഗണിതശാസ്ത്രമേള |

ഭിന്നശേഷികുട്ടികളുടെ വിവരങ്ങൾ

NIL

നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ / ഐസിടി സാധ്യതകൾ

| വിഭാഗം | നിലവിലുള്ളത് |
|---|---|
| ക്ലാസ്മുറി | 4 |
| ഓഫീസ് | 1 |
| ടോയ്‌ലറ്റ് | 4 |
| കിണർ | 1 |
| ജപ്പാൻ കുടിവെള്ളം | 1 |
| ലൈബ്രറി | 1 |
| ചുറ്റുമതിൽ | ഇല്ല |
| കളിസ്ഥലം | ഇല്ല |
| റാമ്പ് | 1 |
| സ്റ്റേജ് | ഇല്ല |
| ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ | 1 |
| ലാപ്ടോപ് | 3 |
| സൗണ്ട് സിസ്റ്റം | 1 |
| മൈക്ക് | 1 |
| പ്രൊജക്ടർ | 2 |
| സ്മാർട് ടിവി | 1 |
| ഇന്റർനെറ്റ് | ഇല്ല |
| Email ID | ഉണ്ട് |

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം**

**മലയാളം**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശ്രവണം, ഭാഷണം എന്നീ മേഖലകളിൽ ധാരാളം അനുഭവങ്ങൾ ലഭ്യമാകുന്നതിന്റെ കുറവ് | കുഞ്ഞ് കഥകൾ/ കവിതകൾ ധാരാളമായി കേൾപ്പിക്കൽ വീഡിയോ പ്രദർശനങ്ങൾ കണ്ടത്/കേട്ടത് പറയൽ ചിത്ര വായന, ചിത്രങ്ങളിൽ കഥ കൾ/കവിതകൾ പൂർത്തി യാക്കി പറയൽ | ജൂൺ, ജൂലൈ ആഗസ്ത് | 2000 രൂപ ഓരോ ക്ലാസിനും | SRG |
| ഭാവത്തോടെയും ശബ്ദ വ്യതിയാനത്തോടെയും ഉച്ചാരണ ശുദ്ധിയോ ടെയും കൂടി ആസ്വാദ്യ കരമായതും ആശയ സ്വീകരണത്തോടെയു മുള്ള വായന എല്ലാ കുട്ടികൾക്കും സാധ്യമാ കുന്നില്ല. | അയ്യോ വായന<br>തെറ്റി വായന<br>ചങ്ങല വായന<br>വായനാക്കാർഡുകൾ<br>പത്രവാർത്ത വായന<br>ലൈബ്രറി ഉപയോഗം<br>പുസ്തകാസ്വാദനം | ജൂൺ മാർച്ച് | 2000 രൂപ ഓരോ ക്ലാസിനും | SRG |
| ഉചിതമായ അക്ഷര ങ്ങൾ, ചിഹ്നങ്ങൾ, അങ്കുശം ഇവയോടെ ഉചിതമായ വാക്യഘട ന, ആശയ വൈവിധ്യം, ആശയത്തുടർച്ച പദവി ന്യാസം എന്നിവയോടെ സ്വതന്ത്രരചനകളിൽ ഏർപ്പെടാനുള്ള പ്രയാസം | മലയാളത്തിളക്കം പ്രവർത്തന ങ്ങൾ വരികൾ കൂട്ടിച്ചേർക്കൽ<br>കഥാപൂർത്തിയാക്കൽ<br>ഡയറി<br>കുറിപ്പ്<br>വിവരണം<br>കഥ/കവിതാ ശില്പശാല -<br>പ്രസിദ്ധീകരണം | ജൂൺ മാർച്ച് | 3000 രൂപ ഓരോ ക്ലാസിനും | SRG |

| | | | | |
|---|---|---|---|---|
| **ഗണിതം** | | | | |
| വസ്തുതകളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യാൻ എല്ലാ കുട്ടികൾക്കും സാധിക്കുന്നില്ല | അബാക്കസ്<br>സ്ഥാനവില പട്ടിക<br>കളിനോട്ടുകൾ | ജൂൺ മാർച്ച് | 2000 രൂപ ഓരോ ക്ലാസിനും | SRG |
| പ്രായോഗിക പ്രശ്നങ്ങൾ ഗണിതക്രിയകൾ ഉപയോഗിച്ച് പരിഹരിക്കാൻ കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ട്. | കളിനോട്ടുകൾ<br>സംഖ്യാകാർഡുകൾ<br>ഗണിതലാബ് | ജൂൺ മാർച്ച് | 2000 രൂപ ഓരോ ക്ലാസിനും | SRG |
| സമയത്തിന്റെ വിവിധ യൂണിറ്റുകൾ തമ്മിലുള്ള ബന്ധം മനസിലാക്കി സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | ക്ലോക്ക് നിർമ്മാണം<br>കളികൾ | ജൂലൈ ആഗസ്ത് | | |
| **പരിസരപഠനം** | | | | |
| കുട്ടികളിൽ പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുക | ചുറ്റുപാടിനെ അറിയാം- പ്രകൃതി നടത്തം. ജീവികളും പരസ്പരാശ്രയത്വവും - വീഡിയോ പ്രദർശനം മലിനീകരണം - വാതിൽപ്പുറ പഠനം<br>പച്ചക്കറിത്തോട്ടം, പൂന്തോട്ടം നിർമ്മാണം | ജൂൺ മാർച്ച് | 1000 രൂപ | പി ടി എ |

| | | | | |
|---|---|---|---|---|
| | പ്രകൃതിയിലെ ജീവജാലങ്ങൾക്ക് വെള്ളവും ഭക്ഷണവും ഒരുക്കൽ.<br>പോസ്റ്റർ നിർമ്മാണം -പ്രചരണം<br>ചിത്രരചന | | | |
| ശാസ്ത്ര വിഷയ ങ്ങളിൽ താല്പ ര്യവും അഭിരു ചിയും വളർത്തൽ | ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങൾ<br>ശാസ്ത്ര മാസികകൾ<br>ശാസ്ത്രകാരൻമാരെക്കുറിച്ചറി യൽ | ജൂൺ മാർച്ച് | 5000 രൂപ | SRG |
| വ്യക്തിശുചിത്വവും പരിസര ശുചി ത്വവും ആരോ ഗ്യവും ഉള്ളവരായി വളർത്തുക | വീടും വിദ്യാലയവും ചുറ്റുപാടും വൃത്തിയാക്കൽ<br>ഡ്രൈഡേ പ്രവർത്തനങ്ങൾ<br>മലിനീകരണ പ്രശ്നങ്ങളും പരി ഹാരവും - സർവ്വെ<br>മാലിന്യ നിർമ്മാർജന രീതികൾ<br>വിവധ കമ്പോസ്റ്റിംഗ് സംവിധാന ങ്ങൾ പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | ജൂൺ മാർച്ച് | 5000രൂപ | SRG |
| ഇംഗ്ലീഷ് | | | | |
| Enable them to<br>1.follow the instructions and act accordingly,<br>2.expand vocabulary<br>3.communicate freely in simple English | Games<br>Rhymes, stories<br>According more lines<br>Drawing<br>Picture reading<br>Reading (Newspaper, books, reading cards)<br>Retell the story<br>Phone-in conversation<br>Interviewing<br>Mime<br>Role play<br>Skit<br>Choreography<br>English Assembly<br>English day | June<br>March | Rs.5000 | SEG |

| | | | | |
|---|---|---|---|---|
| **വിവരസാങ്കേതിക വിദ്യ** | | | | |
| വിവര സാങ്കേതിക വിദ്യ ഉപകരണങ്ങളുടെ ഉപയോഗവും പ്രയോജനവും സാർവ്വത്രികമാക്കൽ | കളിപ്പെട്ടി പാഠഭാഗങ്ങൾ<br>ICT സാധ്യതകൾ ഉപയോഗിച്ച് വിനിമയം ചെയ്യൽ | ജൂൺ മാർച്ച് | | |
| **കലാപഠനം** | | | | |
| കലാപരമായ കഴിവ് വികസിപ്പിക്കുന്നതിന് | സർഗമേള<br>പാഠഭാഗങ്ങളുടെ നാടകീകരണം<br>കൊറിയോഗ്രാഫി | ജൂൺ മാർച്ച് | | |
| **കായികം** | | | | |
| എല്ലാ കുട്ടികളിലും മതിയായ കായിക ക്ഷമത ഉറപ്പുവരുത്തൽ | ആരോഗ്യ ഭക്ഷണശീലങ്ങൾ - ക്ലാസ്<br>വ്യായാമം<br>യോഗ<br>കളികൾ | ജൂൺ മാർച്ച് | 3000 രൂപ | അധ്യാപകർ |
| **പ്രവൃത്തി പരിചയം** | | | | |
| പാഴ്വസ്തുക്കളും ലഭ്യമായ മറ്റ് വസ്തുക്കളും ഉപയോഗിച്ച് കരകൗശല വസ്തുക്കളും പഠനോപകരണങ്ങളും ഉണ്ടാക്കുന്നതിന് | ശില്പശാലകൾ<br>പഠനോപകരണ നിർമാണം<br>പേപ്പർ ക്രാഫ്റ്റ്<br>ഒറിഗാമി<br>കരകൗശല വസ്തുക്കളുടെ നിർമ്മാണം | ജൂൺ മാർച്ച് | 5000 രൂപ | അധ്യാപകർ |